(ബി) മാല്യങ്കരപ്പാലം വഴി സർവ്വീസ് നടത്തുന്ന ബസ്സുകളുടെ സമയക്രമം പുനഃക്രമീകരിച്ച് പീക്ക് അവേഴ്സിൽ (രാവിലെയും വൈകിട്ടും) കൂടുതൽ സർവ്വീസുകൾ ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ ;

(സി) മാല്യങ്കരപ്പാലം വഴി കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ;

(ഡി) ഏറെ തിരക്കുള്ള രാവിലെയും വൈകിട്ടും, പറവൂർ - ചെറായി - മാല്യങ്കര - മൂത്തകുന്നം - പറവൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പീക്ക് അവേഴ്സിൽ (രാവിലെയും വൈകിട്ടും) കൂടുതൽ ട്രിപ്പുകൾ ലഭ്യമാകുന്ന രീതിയിൽ നിലവിലുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) മാല്യങ്കരപ്പാലം വഴി കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകില്ലായെന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

(ഡി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ പറവൂർ - ചെറായി - മാല്യങ്കര-മൂത്തകുന്നം-പറവൂർ എന്ന രീതിയിൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ

243 (4578) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി കെ.എസ്.ആർ.റ്റി.സി. ഡിപ്പോയിൽനിന്ന് ഏതെല്ലാം ഇന്റർ സ്റ്റേറ്റ് സർവ്വീസുകളാണ് ഇപ്പോൾ നടത്തുന്നത് ;

ഉത്തരം

കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഇന്റർ സ്റ്റേറ്റ് സർവ്വീസുകളൊന്നും തന്നെ ഇപ്പോൾ നടത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly